# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട്

## കരട് രേഖ

**എച്ച്.പി.സി.എൽ/ബിപിസി.എൽ കമ്പനിയ്ക്ക് ഓയിൽ ഡിപ്പോ സ്ഥാപിക്കുന്നതിനും അനുബന്ധ റോഡ് നിർമ്മിക്കുന്നതിനും വേണ്ടി കണ്ണൂർ ജില്ലയിലെ പയ്യന്നൂർ വില്ലേജിൽ ഭൂമി ഏറ്റെടുക്കൽ**

**ഡിസംബർ 10, 2018**

**അർത്ഥനാധികാരി**

## ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്, സൗത്ത് സോൺ, ചെന്നൈ

**സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റ്**

**രാജഗിരി ഔട്ട് റീച്ച്**
**രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്**
**രാജഗിരി. പി.ഒ., കളമശേരി**
**പിൻ: 683 104**
**ഫോൺ: 0484 2911111 – 332**
**rossrajagiri@gmail.com**

# ഉള്ളടക്കം

**അദ്ധ്യായം 1 : പഠനത്തിൻെറ സംക്ഷിപ്ത രൂപം**

1.1. പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

1.2. സ്ഥലം

1.3. ഭൂമി ഏറ്റെടുക്കുന്നതിൻെറ വിസ്താരവും ഗുണങ്ങളും

1.4. പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

1.5. സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6. ലഘൂകരണ നടപടികൾ

**അദ്ധ്യായം 2: പദ്ധതിയുടെ വിശദവിവരങ്ങൾ**

2.1. പദ്ധതിയുടെ പശ്ചാത്തലം

2.2. പദ്ധതിയുടെ യുക്തി

2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2.4 ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

2.5 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

2.6 പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

2.7. അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത

2.8 ആവശ്യമായ തൊഴിൽ ശക്തി

2.9 മുൻപേ നടത്തിയ പഠനങ്ങളുടെ വിവരങ്ങൾ

2.10. ബാധകമായ നിയമങ്ങളും നയങ്ങളും

**അദ്ധ്യായം 3: പഠന സംഘം, പഠന സമീപനം, പദ്ധതിശാസ്ത്രം**

3.1 പശ്ചാത്തലം

3.2 പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രവും സാങ്കേതിക രീതിയും

3.3 പഠന സംഘത്തെക്കുറിച്ചുള്ള വിവരങ്ങൾ

**അദ്ധ്യായം 4: സ്ഥലത്തിൻെറ മൂല്യ നിർണ്ണയം**

4.1 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം

4.2 പദ്ധതിയ്ക്കാവശ്യമായഭൂമി

4.3 ആഘാതബാധിത പ്രദേശത്തിന്റെ സമീപ പ്രദേശത്തെ പൊതു ഉപയോഗത്തിലുള്ള സ്ഥലം

4.4 പദ്ധതിക്കായി വിലകൊടുത്തുവാങ്ങിയിരിക്കുന്ന ഭൂമി

4.5. ആഘാതബാധിതഭൂമിയുടെ തരവും നിലവിലെ ഉപയോഗവും

4.6. ഉടമസ്ഥതയുടെ രീതി

4.7. സമീപകാലത്തെ ഭൂമി കൈമാറ്റവും ഭൂമി വിലയും

## അദ്ധ്യായം 5:കണക്കാക്കലും ഗണനവും

5.1 പദ്ധതിയുടെ പ്രത്യാഘാതബാധിത കുടുംബങ്ങൾ

5.2 വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

5.3. പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

5.4. സാമൂഹ്യ പ്രത്യാഘാത ദൂരീകരണ ആസൂത്രണത്തെക്കുറിച്ച് അർത്ഥനാധികാരിയുടെ വിശദീകരണം

5.5. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ പ്രത്യാഘാതങ്ങൾ കുറയ്ക്കുന്നതിന് പദ്ധതി രൂപരേഖയിൽ വരുത്തേണ്ട മാറ്റങ്ങൾ അല്ലെങ്കിൽ കൂട്ടിച്ചേർക്കലുകൾ

5.6 സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം

## അദ്ധ്യായം 6 : സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം

6.1 സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

## അദ്ധ്യായം 7 : സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

7.1. പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

7.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

7.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

**അദ്ധ്യായം 8 : സാമൂഹ്യപ്രത്യാഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും**

8.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

8.2. റിപ്പോർട്ടിങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

8.3. സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

## പട്ടികകൾ

പട്ടിക 1.3.1. ഭൂമിയുടെ തരം

*പട്ടിക 3.3.1.* പഠന സംഘം

പട്ടിക 4.1.1 പദ്ധതിയുടെ പ്രതീക്ഷിക്കുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ

പട്ടിക 4.1.2 ഫലദായക വസ്തുക്കളിലുള്ള പ്രത്യാഘാതം

പട്ടിക 5.1.1 മതവിഭാഗമനുസരിച്ച് കുടുംബങ്ങളുടെ എണ്ണം

പട്ടിക 5.1.2. ആഘാതബാധിത കുടുംബങ്ങൾ

പട്ടിക 5.1.3 റേഷൻ കാർഡിന്റെ തരം

# അദ്ധ്യായം 1

# പഠനത്തിൻെറ സംക്ഷിപ്ത രൂപം

## 1.1. പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിനും ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിനും വേണ്ടി കണ്ണൂർ ജില്ലയിലെ പയ്യന്നൂർ വില്ലേജിൽ കണ്ടങ്കാളി പ്രദേശത്ത് ഓയിൽ ഡിപ്പോയും അനുബന്ധ റോഡും നിർമ്മിക്കുക എന്നതാണ് നിർദ്ദിഷ്ട പദ്ധതി. ഇന്ത്യയിലെ സംസ്ഥാനങ്ങളുടെ ഉടമസ്ഥതയി ലുള്ള പ്രകൃതിവാതക കമ്പനിയായ ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിൻെറ ആസ്ഥാനം മുംബൈയിലും സൗത്ത് സോൺ സ്ഥിതിചെയ്യുന്നത് ചെന്നൈയിലുമാണ്. ഭാരത സർക്കാരിൻെറ കീഴിൽ മഹാരാഷ്ട്രയിലെ മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന എണ്ണ/വാതക കമ്പനിയായ ഭാരത് പെട്രോളിയം ലിമിറ്റഡിന് മുംബൈയിലും കൊച്ചിയിലുമായ് രണ്ട് വലിയ റിഫൈനറീകൾ ഉണ്ട്.

നിലവിൽ കേരളത്തിൽ കൊച്ചിയിൽ മാത്രമേ വലിയ അളവിൽ എണ്ണ സൂക്ഷി ക്കുന്നതിനുള്ള സൗകര്യമുള്ളു. കോഴിക്കോടും കണ്ണൂരുമുള്ള ചെറിയ ഡിപ്പോ കളിൽ പുതിയ ഓയിൽ ഇൻഡസ്ട്രി സേഫ്റ്റി ഡയറക്ട്രേറ്റിൻെറ മാനദണ്ഡമനു സരിച്ചുള്ള എണ്ണ സംഭരണ/വിതരണ സൗകര്യങ്ങൾ ഇല്ല, നിലവിലെ സൗകര്യ ങ്ങൾ വർദ്ധിപ്പിക്കുവാനും കഴിയില്ല. ആയതിനാൽ വടക്കൻ കേരളത്തിൽ ഒരു വലിയ എണ്ണ സംഭരണശാല സ്ഥാപിച്ചുകൊണ്ട് നിലവിലെ ചെറിയ സംഭരണ ശാലകൾ ഒരു പൊതു ഉപയോഗ സൗകര്യമായി മാറ്റി സ്ഥാപിക്കുവാൻ ഹിന്ദു സ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് ഉദ്ദേശിക്കുന്നു.

വടക്കൻ കേരളത്തിലെ പെട്രോളിൻെറയും എണ്ണയുടെയും ആവശ്യകത ഫലപ്രദ മായ് നേരിടുന്നതിന് കൊച്ചി കൂടാതെ ഒരു സംഭരണശാല കൂടി ഉണ്ടാകേണ്ടതു ണ്ട്. പ്രസ്തുത പദ്ധതി മൂലം എണ്ണ ടാങ്കറുകൾ റോഡിലൂടെ കൊണ്ടുപോകുന്നത് ഒഴിവാക്കുവാനും തന്മൂലം റോഡ് അപകട സാധ്യതയും വാഹന ഗതാഗത കുരു ക്കും കുറയ്ക്കുവാനും കഴിയും.

## 1.2. സ്ഥലം

കണ്ണൂർ ജില്ലയിലെ പയ്യന്നൂർ താലൂക്കിലെ പയ്യന്നൂർ മുനിസിപ്പാലിറ്റിയിൽ 23–ാം വാർഡിൽ പെരുമ്പ നദിയുടെ തീരത്ത് കണ്ടങ്കാളി തെക്ക് പ്രദേശത്താണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. നിർദ്ദിഷ്ട അനുബന്ധ റോഡ് വാർഡ് 24 ലും 25 ലും കൂടി കടന്നുപോകും.

## 1.3. ഭൂമി ഏറ്റെടുക്കുന്നതിൻെറ വിസ്താരവും ഗുണങ്ങളും

ഏഴിമല, പയ്യന്നൂർ റെയിൽവേ സ്റ്റേഷനുകൾക്കിടയിലെ റെയിൽപാതയോട് ചേർന്ന് കിടക്കുന്നതാണ് പദ്ധതി പ്രദേശം. എണ്ണ സംഭരണശാല നിർമിക്കുന്നതിനുവേണ്ടി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത് 512, 513, 514, 524, 526, 528, 594 കൂടാതെ 531 മുതൽ 562 വരെയുള്ള സർവ്വേ നമ്പരുകളിലെ 31.1619 ഹെക്ടർ ഭൂമിയും അനുബന്ധ റോഡിനുവേണ്ടി 437–439,448–451, 453,486,487,496,497,500,514, 515,517,518,559–561 സർവ്വെ നമ്പരുകളിൽ പെട്ട 3.6 ഹെക്ടർ ഭൂമിയുമാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത സ്ഥലത്തിൻെറ ഉടമകളുടെ പേരും സർവ്വേ നമ്പരുകളും ഏറ്റെടുക്കുന്ന ഭൂമിയുടെ ഏകദേശ അളവും അനുബന്ധമായ് ചേർത്തിട്ടുണ്ട്

*പട്ടിക 1.3.1. ഭൂമിയുടെ തരം*

| ഭൂമിയുടെ തരം | കുടുംബങ്ങളുടെ എണ്ണം | ശതമാനം |
|---|---|---|
| പുരയിടം | 17 | 8.5 |
| നിലം | 173 | 86.1 |
| നിലംനികർത്തു പുരയിടം | 11 | 5.5 |
| ആകെ | 201 | 100 |

## 1.4. പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

നിർദ്ദിഷ്ട സ്ഥലം റെയിൽപാതയോട് ചേർന്ന് കിടക്കുന്നതിനാൽ അവിടെ നിന്നും ഒരു പാത നിർമ്മിച്ച് റെയിൽവേ വാഗണുകൾ കടന്നുവന്ന് ഉൽപന്നം ഡിപ്പോയിൽ നിക്ഷേപിക്കുന്നതിന് കഴിയും എന്നതിനാൽ ഈ പ്രദേശം പദ്ധതിയ്ക്ക് ഏറ്റവും അനുയോജ്യമാണ്. പയ്യന്നൂരിലെ മുനിസിപ്പൽ പരിധിയ്ക്ക് പുറത്തായതിനാൽ ഇവിടം വളരെ കുറച്ച് വീടുകളെയുള്ളു. കൂടാതെ കേരളത്തിലെ വടക്കൻ ജില്ലകളിൽ വേറെയെവിടെയും റെയിൽവേ പാതയോടു ചേർന്ന് ആവശ്യമായ സ്ഥലം ഇല്ല. ആയതിനാൽ ഈ പദ്ധതിയ്ക്ക് അനുയോജ്യമായ മറ്റ് സ്ഥലമില്ല

## 1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

പദ്ധതിമൂലം 201 കുടുംബങ്ങൾക്ക് തങ്ങളുടെ സ്ഥലം നഷ്ടമാകും. ഇവരിൽ ഭാഗികമായ് ആഘാതബാധിതമാകുന്ന പദ്ധതി പ്രദേശത്ത് താമസക്കാരായ 16 കുടുംബങ്ങളുമുണ്ട്. 144 കുടുംബങ്ങൾ ഭൂമി ഏറ്റെടുക്കൽ മൂലം തങ്ങളുടെ ജീവനോപാധി നഷ്ടമാകും എന്ന് അഭിപ്രായപ്പെട്ടു. 67 കുടുംബങ്ങൾ തുടർച്ചയായ് അല്ലാതെ ഇവിടെ നെൽകൃഷി നടത്തുന്നു. 3000–ത്തോളം തെങ്ങുകൾ ഉൾപ്പടെ ധാരാളം മരങ്ങൾ പദ്ധതിമൂലം നശിപ്പിക്കപ്പെടും.

**കുറിപ്പ്:** മുകളിൽ പറഞ്ഞിരിക്കുന്ന വസ്തുതകൾ വിവരദാതാക്കളിൽനിന്നും ലഭിച്ചതാണ്; രേഖാപരമായി തെളിവുകൾ പരിശോധിക്കേണ്ടതാണ്.

## 1.6 ലഘൂകരണ നടപടികൾ

നിർദ്ധിഷ്ട പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുന്നതുമൂലം ഉണ്ടായേക്കാവുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുവാൻ ഭൂമി എറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള നിയമം 2013 പ്രകാരമുള്ള നഷ്ടപരിഹാര നടപടികൾ മതിയാകും. പ്രസ്തുത നടപടികൾ വേഗത്തിലാക്കേണ്ടത് അഭികാമ്യം.

# അദ്ധ്യായം 2

# പദ്ധതിയുടെ വിശദവിവരങ്ങൾ

## 2.1 പദ്ധതിയുടെ പശ്ചാത്തലം

നിലവിൽ കേരളത്തിലെ വടക്കൻ ജില്ലകളിൽ എണ്ണസംഭരണശാലകളുടെ അഭാവത്തിൽ പ്രസ്തുത ആവശ്യത്തിനായ് കൊച്ചിയെയും മംഗലാപുരത്തെയുമാണ് ആശ്രയിക്കുന്നത്. ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിനും ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിനും കോഴിക്കോടും കണ്ണൂരും ചെറിയ ഡിപ്പോകളുണ്ട്. കോഴിക്കോടും കണ്ണൂരുമുള്ള ചെറിയ ഡിപ്പോകളിൽ പുതിയ ഓയിൽ ഇൻഡസ്ട്രി സേഫ്റ്റി ഡയറക്ട്രേറ്റിൻെറ മാനദണ്ഡമനുസരിച്ചുള്ള എണ്ണ സംഭരണ/വിതരണ സൗകര്യങ്ങൾ ഇല്ല, നിലവിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും കഴിയില്ല. ആയതിനാൽ വടക്കൻ കേരളത്തിൽ ഒരു വലിയ എണ്ണ സംഭരണശാല സ്ഥാപിച്ചുകൊണ്ട് നിലവിലെ ചെറിയ സംഭരണശാലകൾ ഒരു പൊതു ഉപയോഗ സൗകര്യമായി മാറ്റി സ്ഥാപിക്കുവാൻ ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് ഉദ്ദേശിക്കുന്നു. വടക്കൻ കേരളത്തിലെ പെട്രോളിൻെറയും എണ്ണയുടെയും ആവശ്യകത ഫലപ്രദമായ് നേരിടുന്നതിന് കൊച്ചി കൂടാതെ ഒരു സംഭരണശാല കൂടി ഉണ്ടാകേണ്ടതുണ്ട്. പ്രസ്തുത പദ്ധതി മൂലം എണ്ണ ടാങ്കറുകൾ റോഡിലൂടെ കൊണ്ടുപോകുന്നത് ഒഴിവാക്കുവാനും തന്മൂലം റോഡ് അപകട സാധ്യതയും വാഹന ഗതാഗത കുരുക്കും കുറയ്ക്കുവാനും കഴിയും.

മധ്യകേരളത്തിലെയും വടക്കൻ കേരളത്തിലെയും ഇന്ധന ആവശ്യം സാധ്യമാക്കുന്നതിനുതകുന്നവിധത്തിൽ 69490 കിലോലിറ്റർ സംഭരണശേഷിയുള്ള ഗ്രീൻഫീൽഡ് പെട്രോളിയം ഓയിൽ ആൻറ് ലൂബ്രികൻറ് ടെർമിനലിൻെറ നിർമ്മാണമാണ ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. മധ്യകേരളത്തിലെയും വടക്കൻ കേരളത്തിലെയും ജില്ലകൾക്ക് ആവശ്യമായ മോട്ടോർ സ്പിരിറ്റ്, ഹൈ സ്പീഡ് ഡീസൽ, സുപ്പീരിയർ കെറോസിൻ ഓയിൽ, ആവിയേഷൻ ടർബീൻ ഓയിലെന്നിവയും ഈ സംഭരണശാലയിൽ നിന്നും ലഭ്യമാക്കും. പയ്യന്നൂരിലെ നിർദ്ദിഷ്ട പദ്ധതി വടക്കൻ ജില്ലകളായ കാസർഗോട്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, വയനാട്, മാഹി എന്നിവിടങ്ങളിലെ പെട്രോളിയം, എണ്ണ ഉൽപ്പന്നങ്ങളുടെ ആവശ്യകത പരിഹരിക്കും. റെയിൽവേ ടാങ്ക് വാഗണുകൾ വഴി കൊച്ചിയിലെയോ മംഗലാപുരത്തെയോ എണ്ണസംഭരണ ശാലകളിൽനിന്നായിരിക്കും ഉൽപ്പന്നം കൊണ്ടുവരുന്നത്.

14.02.2017 തീയതിയിലെ GO(RT)No.591/2017RD പ്രകാരം പ്രസ്തുത പദ്ധതിയ്ക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

## 2.2. പദ്ധതിയുടെ യുക്തി

പെട്രോളിയം ഉൽപ്പന്നങ്ങൾ പൈപ്പ് ലൈനിലൂടെയോ റെയിൽവെ ടാങ്ക് വാഗണുകളിലൂടെയോ കടത്തിക്കോണ്ട് പോകുന്നതാണ് ടാങ്കർ വണ്ടികളിൽ റോഡിലൂടെ കൊണ്ടുപോകുന്നതിനെക്കാൾ സുരക്ഷിതവും ചെലവ് കുറഞ്ഞതുമായ മാർഗം. കൂടാതെ കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ ഡിപ്പോകളുടെ സമീപപ്രദേശത്തെ നിലവിലെ ജനസാന്ദ്രതയും തിരക്കും കണക്കിലെടുക്കുമ്പോൾ പ്രസ്തുത നഗരത്തിലെ തിരക്കിൽ നിന്നു മാറി മറ്റൊരുസ്ഥലത്ത് പുനസ്ഥാപിക്കുന്നതായിരിക്കും കൂടുതൽ സുരക്ഷിതം. ആയതിനാൽ ഭൂമി എറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള നിയമം 2013 (30 of 2013) ഭാഗം 2 പ്രകാരം പ്രസ്തുത പദ്ധതി ഒരു പൊതു ആവശ്യമായ് കാണാവുന്നതാണ്.

## 2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

നിർദ്ദിഷ്ട പദ്ധതിയായ ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിനും ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിനും വേണ്ടി ഓയിൽ ഡിപ്പോയും അനുബന്ധ റോഡും നിർമ്മിക്കുന്നത് കണ്ണൂർ ജില്ലയിലെ പയ്യന്നൂർ വില്ലേജിൽ കണ്ടങ്കാളി പ്രദേശത്താണ്

69490 കിലോ ലിറ്റർ സംഭരണ ശേഷിയിലണ്  പെട്രോളിയം ഓയിൽ ലൂബ്രികൻറ് സംഭരണ ശാല നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. ക്ലാസ് എ, ക്ലാസ് ബി വിഭാഗത്തിൽ പെടുന്ന പെട്രോളിയം ഉത്പ്പന്നങ്ങൾ റെയിൽവേ വാഗണുകളിലാണ് സംഭരണശാലയിലേയ്ക്ക് എത്തിക്കുവാൻ ഉദ്ദേശിക്കുന്നത്. മറ്റ് ചെറിയ സംഭരണശാലകളിലേയ്ക്ക് നൽകുന്നതിനായ് ഉത്പ്പന്നം ടാങ്കർ ട്രക്കുകളിൽ നിറയ്ക്കുവാനുള്ള സൗകര്യം സംഭരണ ശാലയിൽ ഉണ്ടായിരിക്കും.

ഏഴിമല – പയ്യന്നൂർ റോഡിൽ നിന്നും കിഴക്കോട്ട് 1.5 കിലോമീറ്റർ നീളത്തിൽ ഏഴിമല – പയ്യന്നൂർ റെയിൽപാതയ്ക്ക് സമാന്തരമായിട്ടാണ അനുബന്ധറോഡ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. 7.5 മീറ്റർ എമെർജൻസി എക്സിറ്റോടുകൂടിയ 30 മീറ്റർ വീതിയുള്ള ഇടനാഴിയായിരിക്കും പ്രസ്തുത റോഡ്.

**ചെലവ് :**

പദ്ധതിയുടെ മൊത്തം ചെലവായ് കണക്കാക്കിയിരിക്കുന്നത് 250 കോടി രൂപയാണ്.

**ആശങ്കകൾ** :

പദ്ധതിയുടെ പ്രതീക്ഷിക്കാവുന്ന ആശങ്കകൾ താഴെ പറയുന്നു :

1. പരിസ്ഥിതിയുടെ നാശം
2. പരിസ്ഥിതി മലിനീകരണം
3. ഉൽപ്പന്നത്തിൻെറ അപകടസ്വഭാവം
4. ആരോഗ്യ പ്രശ്നങ്ങൾ

## 2.4. ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

നിർദ്ദിഷ്ട പ്രദേശം റെയിൽവേ ട്രാക്കിനോട് ചേർന്നു കിടക്കുന്നതിനാലും ജന വാസം കുറവായതിനാലും പദ്ധതിയ്ക്ക് ഏറ്റവും അനുയോജ്യമാണ്. ആയതിനാൽ മറ്റ് മാർഗങ്ങൾ പരിഗണിക്കേണ്ടി വരുന്നില്ല

### 2.5 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

രണ്ടു ഘട്ടങ്ങളായിട്ടാണ് ഈ പദ്ധതിയുടെ നിർമ്മാണം. ആദ്യ ഘട്ടം ഓയിൽ ഡിപ്പോയുടെ നിർമ്മാണവും രണ്ടാംഘട്ടത്തിൽ അനുബന്ധ റോഡിൻെറയും റെയിൽ ഗതാഗതത്തിൻെറയും നിർമ്മാണം വിഭാവനം ചെയ്തിരിക്കുന്നു. നിർമ്മാണ പ്രവർത്ത നങ്ങൾ എച്ച്.പി.സി.എൽ/ബി.പി.സി.എൽ കമ്പനികളുടെ മുൻ കൂട്ടിതയ്യാറാക്കിയ പ്ലാൻ അനുസരിച്ചായിരിക്കും.

### 2.6. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

നിർദ്ദിഷ്ട സംഭരണ ശാല 69490 കിലോ ലിറ്റർ സംഭരണ ശേഷിയിലാണ് നിർമ്മിക്കു വാൻ ഉദ്ദേശിക്കുന്നത്. ക്ലാസ് എ, ക്ലാസ് ബി വിഭാഗത്തിൽ പെടുന്ന പെട്രോളിയം ഉത്പ്പ ന്നങ്ങൾ റെയിൽവേ വാഗണുകളിലാണ് സംഭരണശാലയിലേയ്ക്ക് എത്തിക്കുവാൻ ഉദ്ദേശി ക്കുന്നത്. വിവിധ പെട്രോളിയം ഉത്പ്പന്നങ്ങൾ സംഭരിക്കുന്നതിനുള്ള സൗകര്യവും, മറ്റ് ചെറിയ സംഭരണശാലകളിലേയ്ക്ക് നൽകുന്നതിനായ് ഉത്പ്പന്നം ടാങ്കർ ട്രക്കുകളിൽ നിറ യ്ക്കുവാനുള്ള സൗകര്യവും സംഭരണശാലയിൽ ഉണ്ടായിരിക്കും. കൂടാതെ ഇത്തരം

പദ്ധതിയുടെ അനുപേക്ഷണീയ ഘടകങ്ങളായ ഓഫീസ്, ട്രക്കുകൾ പാർക്ക് ചെയ്യു ന്നതിനുള്ള സൗകര്യം, അഗ്നിശമന സൗകര്യങ്ങൾ തുടങ്ങിയവയും ഉണ്ടായിരിക്കും. താഴെ വിവരിക്കുന്ന പ്രവർത്തങ്ങൾക്ക് വേണ്ടി ഓയിൽ ഇൻഡസ്ട്രി സേഫ്റ്റി ഡയറ ക്ട്രേറ്റിന്റെ മാർഗനിർദ്ദേശം 244 അനുശാസിക്കുന്ന വിധത്തിലാണ് സംഭരണശാലയുടെ മുഴുവൻ സൗകര്യങ്ങളുടെയും രൂപരേഖ.

- ടാങ്കർ ട്രക്ക്സിൽ നിന്നും എത്തനോൾ സ്വീകരണം
- പമ്പ് ഹൗസിന്റെ പ്രവർത്തനം
- ടാങ്കർ ലോറിയിൽ ഉത്പ്പന്നം നിറയ്ക്കൽ
- ടാങ്കർ ലോറിയിൽ ഉത്പ്പന്നം കടത്തിക്കൊണ്ട് പോകൽ

**2.7 അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത**

നിലവിൽ അനുബന്ധ സൗകര്യങ്ങൾ ആവശ്യമായി വരുന്നില്ല, എങ്കിലും ടാങ്കർ ലോറികൾ നിറുത്തിയിടുന്നതിനും അതിലെ തൊഴിലാളികൾക്ക് ആഹാരം കഴിക്കുന്നതിനുള്ള സൗക ര്യവും ആവശ്യമായ് വരും.

## 2.8 ആവശ്യമായ തൊഴിൽ ശക്തി

പൊതുമേഖല സ്ഥാപന ചട്ടപ്രകാരമുള്ള ടെണ്ടർ സംവിധാനത്തിലൂടെ പദ്ധതിയുടെ വിവി ധ നിർമ്മാണപ്രവർത്തനങ്ങൾ എഞ്ചിനയീറിങ് ആൻറ് പ്രോജക്ട് ഡിപ്പാർട്ട്മെൻറ് ചുമതല പ്പെടുത്തുന്ന ഉദ്യോഗസ്ഥർ നിർവ്വഹിക്കും; എന്നിരുന്നാലും കോൺടാക്ടർമാരുടെ കീഴിലുള്ള വിവിധ തൊഴിലാളികളും ഉണ്ടായിരിക്കും.

നിർദ്ദിഷ്ട സംഭരണശാല നിലവിൽ കോഴിക്കോടും കണ്ണൂരിലും പ്രവർത്തിയ്ക്കുന്ന ചെറി യ സംഭരണശാലകളുടെ പുനസ്ഥാപനം ആയതിനാൽ പദ്ധതി പൂർത്തീകരിച്ച് പ്രവർത്തന ഘട്ടത്തിൽ തൊഴിലാളികളെയും പുനസ്ഥാപിക്കും. കൂടാതെ പദ്ധതിയ്ക്ക് കോൺട്രാക്റ്റ് വ്യവസ്ഥയിൽ പരോക്ഷമായ തൊഴിലവസരങ്ങൾ ഉണ്ടായിരിക്കും.

**2.9. മുൻപേ നടത്തിയ പഠനങ്ങളുടെ വിവരങ്ങൾ**

- ആര്യ കൺസൾട്ടൻസ് നടത്തിയ സൈറ്റ് സെലക്ഷൻ പഠനം
- സെക്കൺ ഇന്ത്യലിമിറ്റഡ് നടത്തിയ ടോപ്പോഗ്രഫി പഠനം

- സെക്കൺ ഇന്ത്യലിമിറ്റഡ് നടത്തിയ കേഡസ്ട്രൽ സർവ്വെ
- റൈറ്റ്സ് ലിമിറ്റഡ് നടത്തിയ റെയിൽ വേ സൈഡിങ്ങിനുള്ള സാധ്യതാപഠനം
- കിറ്റ്കോ നടത്തിയ പരിസ്ഥിഥി ആഘാത വിലയിരുത്തൽ പഠനം
- കിറ്റ്കോ നടത്തിയ ആപത്കരമായ പ്രവർത്തനങ്ങളെക്കുറിച്ചുള്ള പഠനം
- കിറ്റ്കോ നടത്തിയ റിസ്ക് വിലയിരുത്തൽ പഠനം

## 2.10. ബാധകമായ നിയമങ്ങളും നയങ്ങളും

ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിനും ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിനും വേണ്ടി കണ്ണൂർ ജില്ലയിലെ പയ്യന്നൂർ വില്ലേജിൽ കണ്ടങ്കാളി പ്രദേശത്ത് ഓയിൽ ഡിപ്പോയും അനുബന്ധ റോഡും നിർമ്മിക്കുന്ന പദ്ധതിക്കുവേണ്ടി ഭൂമിഏറ്റെടുക്കൽ, പുനരധിവാസം, പുന:സ്ഥാപനം എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങൾ ചുവടെ ചേർക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം (കേന്ദ്രനിയമം 30, 2013)
- കേരള സർക്കാർ – റവന്യൂ വകുപ്പ് ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള നയം
- വിവരവകാശ നിയമം 2005

# അദ്ധ്യായം 3

# പഠനസംഘം, പഠനസമീപനം, പദ്ധതിശാസ്ത്രം

## 3.1 പശ്ചാത്തലം

കേരള സർക്കാർ 16.07.2018 ൽ പുറപ്പെടുവിച്ച വിജ്ഞാപനം നമ്പർ G.O.(P)No.41/2018RD അനുസരിച്ച് ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിനും ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിനും വേണ്ടി കണ്ണൂർ ജില്ലയിലെ പയ്യന്നൂർ വില്ലേജിൽ കണ്ടങ്കാളി പ്രദേശത്ത് ഓയിൽ ഡിപ്പോയും അനുബന്ധ റോഡും നിർമ്മിക്കുന്ന പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനായി രാജഗിരി ഔട്ട്റീച്ചിനെ ചുമതലപ്പെടുത്തി.

പദ്ധതിബാധിത ഭൂമിയുടേയും കെട്ടിടങ്ങളുടേയും, കുടുംബങ്ങളുടേയും, വ്യക്തികളുടേയും കൃത്യമായ എണ്ണം തിട്ടപ്പെടുത്തുകയും പദ്ധതി മൂലമുണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തുകയും കൂടാതെ സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ രൂപരേഖ തയ്യാറാക്കുകയും ചെയ്യുക എന്നുള്ളതാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ ഉദ്ദേശം. നിലവിലുള്ള പ്രക്രിയക്ക് വിവരങ്ങൾ ശേഖരിക്കുന്നതിനായി പ്രാഥമികവും ദ്വിതീയവുമായ മേഖലകൾ അപഗ്രഥനം ചെയ്തു. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തലിൻെറ ഭാഗമായി നിർദ്ദിഷ്ട പദ്ധതി ബാധിത മേഖലയിലെ ഗുണപരവും ദോഷപരവുമായ പ്രത്യാഘാതങ്ങൾ തിട്ടപ്പെടുത്തുന്നതിന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിലെ പരിചയ സമ്പന്നരായ അംഗങ്ങൾ സാമൂഹിക-സാമ്പത്തിക സർവ്വേ നടത്തി.

## 3.2 പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രവും സാങ്കേതിക രീതിയും

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖ തയ്യാറാക്കുന്നതിൻെറ മുന്നോടിയായ് പഠന സംഘം അർത്ഥനാധികാരിയുടെ സഹായത്തോടെ പദ്ധതിയെക്കുറിച്ച് വിശദമായ് പഠിച്ചു. പദ്ധതി ബാധിത പ്രദേശം പല തവണ സന്ദർശിച്ച് പദ്ധതി ബാധിത കുടുംബങ്ങളുടെ സാമൂഹ്യ സാമ്പത്തിക പശ്ചാത്തലം പഠിച്ചു. ഭൂമി ഏറ്റെടുക്കലിൻെറ വിവിധങ്ങളായ പ്രത്യാഘാതങ്ങൾ വിശദമായി വിലയിരുത്തി. ഭൂമി ഏറ്റെടുക്കലിൻെറ നിയമപരമായ ചട്ടക്കൂടും ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവ

കാശ നിയമം (കേന്ദ്രനിയമം 30, 2013) പ്രകാരമുള്ള നഷ്ടപരിഹാര നടപടികളെക്കുറിച്ചും പഠിച്ചു. താഴെ വിവരിക്കുന്ന ഘട്ടങ്ങളിലായാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തിയത്

- പ്രസക്തമായ രേഖകൾ, റിപ്പോർട്ടുകൾ, പദ്ധതിയുടെ രൂപരേഖ എന്നിവ യെക്കുറിച്ചുള്ള പഠനം
- പദ്ധതിപ്രദേശം സന്ദർശിക്കലും വിവരങ്ങളുടെ പ്രചാരണവും
- സമൂഹ്യ സാമ്പത്തിക സർവ്വേയും പദ്ധതിബാധിത വസ്തു വകകളെക്കുറിച്ചുള്ള കണക്കെടുപ്പും
- സാമൂഹിക-സാമ്പത്തിക സർവ്വേയുടെ ഭാഗമായി ലഭിച്ച വിവരങ്ങളുടെ വിശകലനം
- പൊതു സമൂഹവുമായുള്ള കൂടിയാലോചന (പബ്ലിക് ഹിയറിങ്)

## സാമൂഹ്യ-സാമ്പത്തിക സർവ്വേ

റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുടെ (ഭൂമി ഏറ്റെടുക്കൽ പ്രത്യേക തഹസിൽദാരുടെ ഓഫീസ്) സഹായത്തോടെ അലൈൻമെൻറ് ഡ്രോയിംഗിൻെറ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട പദ്ധതിമൂലം ബാധിക്കപ്പെടുന്ന വസ്തുവകകളുടെ വിവരം യഥാർത്ഥ സാമൂഹ്യ-സാമ്പത്തിക സർവ്വേയ്ക്ക് മുമ്പ് മനസ്സിലാക്കുവാൻ സാധിച്ചു. പദ്ധതി പ്രദേശത്ത് നടത്തിയ പ്രാഥമിക സന്ദർശനത്തിൻെറ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അഭിമുഖ ചോദ്യാവലിയുടെ കരുതൽ പരിശോധന നടത്തി. വീടുകൾ തോറും കയറി വ്യക്തിഗത അഭിമുഖങ്ങളിലൂടെയാണ് സർവ്വെ നടത്തിയത്. ഈ അഭിമുഖത്തിലൂടെ പദ്ധതിബാധിത കുടുംബങ്ങളുടെ വിവരങ്ങൾ, നിയമപരമായ രേഖകൾ (സ്വത്തിൻെറ മേലുള്ള അവകാശങ്ങൾ), സാമൂഹികമായ വിവരങ്ങൾ, ജോലി, വരുമാന മാർഗ്ഗം, കുടുംബത്തിൻെറ ചിലവുകളെക്കുറിച്ചുള്ള വിവരങ്ങൾ, സ്വയം തൊഴിൽപരമായ കാര്യങ്ങൾ, ജോലിയുടെ രീതി, മുതലായ കാര്യങ്ങൾ ശേഖരിച്ചു. അഭിമുഖ ചോദ്യാവലിയിൽ പദ്ധതി ബാധിത കുടുംബാംഗങ്ങളുടെ അഭിപ്രായങ്ങളും കാഴ്ചപ്പാടുകളും രേഖപ്പെടുത്തുവാനുള്ള ഭാഗം ഒഴിച്ചാൽ പ്രധാനമായും പ്രീ-കോഡഡ് ആയ ചോദ്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

***പബ്ലിക് ഹിയറിംഗ് :***

ഭൂമിഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനഃര ധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം നിയമം 2013ൽ 14(1)ൽ ഫോം 5 അനുസരിച്ച് 2018 ഡിസംബർ 12-ാം തിയതി പയ്യന്നൂരിലുള്ള കൈരളി ആഡിറ്റോറിയത്തിൽ ഒരു പബ്ലിക് ഹിയറിംഗ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ പങ്കെടുക്കുന്ന ജനങ്ങളുടെ ആശങ്കകളും സംശയങ്ങളും ബന്ധപ്പെട്ട അധികാരികൾ നൽകുന്ന മറുപടിയും അന്തിമ റിപ്പോർട്ടിൽ ഉൾപ്പെടുത്തും.

**പ്രവർത്തനങ്ങളുടെ സമയക്രമം**

16.07.2018 : സാമൂഹ്യപ്രത്യാഘാത പഠനം നടത്തുവാൻ കേരള സർക്കാർ രാജഗിരി ഔട്ട്റീച്ചിനെ ചുമതലപ്പെടുത്തുന്നു

16.07.2018 : വിജ്ഞാപനം 4(1) പ്രസിദ്ധപ്പെടുത്തൽ

ആഗസ്റ്റ് 2018 : പദ്ധതി പ്രദേശത്ത് പ്രാഥമിക സന്ദർശനം

സെപ്തംബർ/നവംബർ 2018: വിവര ശേഖരണം

26.11.2018 : പബ്ലിക് ഹിയറിങ്ങിൻെറ വിജ്ഞാപനം

12.12.2018 : പബ്ലിക് ഹിയറിങ്ങും കരട് രേഖ അവതരണവും

**സർവ്വെയുടെ മുൻ നടപടികളും പദ്ധതിബാധിത കുടുംബങ്ങളുടെ സർവ്വേയും**

**ഘട്ടം 1**

- ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായ് ചർച്ച
- അഭിമുഖ ചോദ്യാവലിയുടെ കരുതൽ പരിശോധന
- പദ്ധതി രൂപരേഖ തയ്യാറാക്കൽ
- ഫീൽഡ് സ്റ്റാഫിനുള്ള പരിശീലനം
- ഓരോ കുടുംബങ്ങൾ തോറുമുള്ള അഭിമുഖം
- പൊതുജന അഭിപ്രായ ശേഖരണം

**ഘട്ടം 2**

**സർവ്വേക്ക് ശേഷമുള്ള പ്രവർത്തികളും റിപ്പോർട്ട് തയ്യാറാക്കലും**

- വിവരങ്ങളുടെ ഏകോപനം
- വിവരങ്ങളുടെ ക്രോഡീകരണവും രേഖപ്പെടുത്തലും
- സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ടിൻെറ രൂപരേഖ തീരുമാനിക്കൽ
- സർവ്വേയിലൂടെ ലഭിച്ച വിവരങ്ങളുടെ വിശകലനം
- സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ടിൻെറ കരട് രേഖ തയ്യാറാക്കലും സമർപ്പിക്കലും

- പബ്ലിക് ഹിയറിംഗ് സംഘടിപ്പിക്കൽ
- സാമൂഹ്യ പ്രത്യാഘാതങ്ങൾ വിലയിരുത്തലിൻെറ ഭാഗമായി കണ്ടെത്തിയ കാര്യങ്ങൾ പദ്ധതിബാധിത ജനങ്ങളുമായും പൊതുജനങ്ങളുമായും കൂടിയാലൊചിക്കൽ
- സ്റ്റേക്ക് ഹോൾഡേഴ്സുമായി അവരുടെ ആശങ്കകൾ പങ്കുവയ്ക്കൽ
- ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അവലോകനവും അഭിപ്രായങ്ങളും
- അഭിപ്രായങ്ങളുടെ സംയോജനവും അന്തിമ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ടിൻെറ സമർപ്പിക്കലും.

## 3.3 പഠന സംഘത്തെക്കുറിച്ചുള്ള വിവരങ്ങൾ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിൻെറ അദ്ധ്യക്ഷയായ രാജഗിരി ഔട്ട്റീച്ചിൻെറ പ്രോജക്ട് ഡയറക്ടറുടെ നേതൃത്വത്തിൽ, വിവിധ സാമൂഹ്യ-സാമ്പത്തിക സർവ്വേകളും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തലുകളും നടത്തിയ അനുഭവസമ്പത്തുള്ള 9 അംഗങ്ങളടങ്ങുന്ന ടീമാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തലിനുവേണ്ടിയുള്ള വിവര ശേഖരണവും ഏകോപനവും നടത്തിയത്. കൂടാതെ പ്രത്യാഘാത ബാധിത പ്രദേശങ്ങൾ കണ്ടെത്തുവാൻ റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥ പ്രതിനിധികളുടെ സഹായവും ഉണ്ടായിരുന്നു. പഠന സംഘത്തെക്കുറിച്ചുള്ള വിവരങ്ങൾ താഴെ വിവരിക്കുന്നു.

*പട്ടിക 3.3.1.* **പഠന സംഘം**

| ക്രമ നമ്പർ | പേര് | വിദ്യാഭ്യാസയൊഗ്യത പദവി | പ്രവർത്തനപരിചയം |
|---|---|---|---|
| 1 | മീന കുരുവിള | എം.എസ്.ഡബ്ല്യൂ കൺസൾട്ടൻറ്, എസ്.ഐ.എ | വികസനമേഖലയിൽ 30 വർഷത്തെ പ്രവർത്തന പരിചയം |
| 2 | മരിയ ടെൻസി വി.എസ് | എം.എ, ഡി.എസ്.എസ്. ഡോക്യുമെൻേറഷൻ ഓഫീസർ | വികസനമേഖലയിൽ 26 വർഷത്തെ പ്രവർത്തന പരിചയം |
| 3 | . രഞ്ജിത് കെ.യു. | ബി.എ, ഡി.എസ്.എസ്. റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖലയിൽ 23 വർഷത്തെ പ്രവർത്തന പരിചയം |
| 4 | ബിജു സി.പി. | ബി.എ, റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖലയിൽ 23 വർഷത്തെ പ്രവർത്തന പരിചയം |
| 5 | ലിജി വി.ഇ. | എം.എസ്.ഡബ്ല്യൂ റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖലയിൽ 20 വർഷത്തെ പ്രവർത്തന പരിചയം |
| 6 | ടോണി ബാബു | എം.എസ്.ഡബ്ല്യൂ റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖലയിൽ 2 വർഷത്തെ പ്രവർത്തന പരിചയം |
| 7 | മിഥുൻ മാത്യു | എം.എസ്.ഡബ്ല്യൂ റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖലയിൽ 4 വർഷത്തെ പ്രവർത്തന പരിചയം |
| 8 | ജിജിൻ പി.എസ്. | എം.എസ്.ഡബ്ല്യൂ റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖലയിൽ 2 വർഷത്തെ പ്രവർത്തന പരിചയം |
| 9 | സലിം.പി | എം.ബി.എ. | വികസനമേഖലയിൽ 9 വർഷത്തെ പ്രവർത്തന പരിചയം |

എ

# അദ്ധ്യായം 4
# സ്ഥലത്തിൻെറ മൂല്യനിർണ്ണയം

പദ്ധതി പ്രദേശം പയ്യന്നൂർ പട്ടണത്തിൽ നിന്നും 2 കിലോമീറ്റർ ദൂരത്തിൽ സ്ഥിതി ചെയ്യുന്നു. നിർദ്ദിഷ്ട സ്ഥലത്തിൻെറ തെക്കുകിഴക്ക് ഭാഗം പെരുമ്പ നദിയുടെ തീരമാണ്. വടക്കേ അതിർത്തിയിലൂടെ പയ്യന്നൂരിനും ഏഴിമലയ്ക്കും ഇടയിലുള്ള റെയിൽപാത കടന്നുപോകുന്നു. പ്രസ്തുത പ്രദേശത്തിൻെറ പടിഞ്ഞാറു വശത്ത് റെയിൽപാതയുടെ വടക്ക് കിഴക്ക് ഭാഗം വരെ നീളത്തിൽ ഒരു തോടുണ്ട്.

ഏഴിമല-പയ്യന്നൂർ റോഡിൽ പുന്നക്കടവ് പാലത്തിൽ നിന്നും തിരിഞ്ഞ് പുഞ്ചക്കാട്-കുറുംകടവ് റോഡ് വഴി പദ്ധതി പ്രദേശത്ത് എത്തിച്ചേരുവാൻ കഴിയും. പദ്ധതിപ്രദേശത്തു നിന്നും തെക്കു കിഴക്ക് 1.3 കിലോമീറ്റർ ദൂരത്തിൽ ഏറ്റവും അടുത്തായ് ഏഴിമല റെയിൽവേ സ്റ്റേഷനും 2.4 കിലോമീറ്റർ ദൂരത്തിൽ വടക്ക് പടിഞ്ഞാർ പയ്യന്നൂർ റെയിൽ വേ സ്റ്റേഷനും സ്ഥിതി ചെയ്യുന്നു.

നിർദ്ദിഷ്ട അനുബന്ധ റോഡ് നിലവിലെ രൂപരേഖ അനുസരിച്ച് ഏഴിമല-പയ്യന്നൂർ റോഡിൽ നിന്നും ആരംഭിച്ച് 1.5 കിലോമീറ്റർ ദൂരത്തിൽ ഏഴിമല-പയ്യന്നൂർ റെയിൽ പാതയ്ക്ക് സമാന്തരമായിട്ടാണ്. 7.5 മീറ്റർ എമെർജൻസി എക്സിറ്റോടുകൂടിയ 30 മീറ്റർ വീതിയുള്ള ഇടനാഴിയായിരിക്കും പ്രസ്തുത റോഡ്.




**4.1 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം**

പദ്ധതിയ്ക്കുവേണ്ടി സ്ഥലം നഷ്ടപ്പെടുന്ന ഉടമകളായ 201 കുടുംബങ്ങളാണ് പദ്ധതിയുടെ പ്രത്യക്ഷ ആഘാതബാധിതർ. പദ്ധതിയുടെ പ്രതീക്ഷിക്കുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ താഴെ വിശകലനം ചെയ്യുന്നു.:

**പട്ടിക 4.1.1. പദ്ധതിയുടെ പ്രതീക്ഷിക്കുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ**

| **പദ്ധതിയുടെ പ്രതീക്ഷിക്കുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ** | **കുടുംബങ്ങളുടെ എണ്ണം** |
|---|---|
| ഭൂമി നഷ്ടപ്പെടൽ | 201 |
| നെൽ വയൽ നഷ്ടപ്പെടൽ | 67 |
| ഭാഗികമായ് താമസസ്ഥലം നഷ്ടപ്പെടൽ | 16 |
| ഉപജീവനമാർഗം നഷ്ടപ്പെടൽ | 144 |

മേൽപറഞ്ഞ പ്രത്യാഘാതങ്ങൾ കൂടാതെ ധാരാളം മരങ്ങളും പദ്ധതിയ്ക്കുവേണ്ടി വെട്ടിമാറ്റേണ്ടിവരും.

**പട്ടിക 4.1.2. ഫലദായക വസ്തുക്കളിലുള്ള പ്രത്യാഘാതം**

| **വൃക്ഷത്തിൻെറ പേര്** | **ഏകദേശ എണ്ണം** |
|---|---|
| **തെങ്ങ്** | **3280** |
| **കവുങ്ങ്** | **170** |
| **വാഴ** | **57** |
| **പേര** | **10** |
| **മഹാഗണി** | **24** |
| **മാവ്** | **56** |
| **പ്ലാവ്** | **46** |
| **ആഞ്ഞിലി** | **4** |
| **ജാതി** | **6** |
| **തേക്ക്** | **6** |
| **കടചക്ക** | **5** |
| **മറ്റ് വക്ഷങ്ങൾ** | **7** |

**പരോക്ഷ പ്രത്യാഘാതം**

പദ്ധതി നിർമ്മാണ വേളയിൽ പൊതുജനങ്ങൾക്ക് പൊടിശല്യം മൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ, സഞ്ചാരം തടസപ്പെടൽ തുടങ്ങിയവ ഉണ്ടാകുവാനിടയുണ്ട്; ആയത് ദൂരീകരിക്കുവാനുള്ള നടപടികൾ എടുക്കേണ്ടതാണ്.

പദ്ധതിപ്രദേശത്തിനടുത്ത് താമസിക്കുന്ന സ്ഥലം ഏറ്റെടുക്കാത്ത കുടുംബങ്ങൾ പദ്ധതിയുടെ അപകട സ്വഭാവത്തെക്കുറിച്ച് ആശങ്ക രേഖപ്പെടുത്തി. ആവരുടെ ആശങ്ക ദുരീകരിക്കേണ്ടതാണ്.

**4.2 പദ്ധതിയ്ക്കാവശ്യമായഭൂമി**

നിർദ്ദിഷ്ട പദ്ധതിയായ സംഭരണശാല നിർമ്മാണത്തിന് ആവശ്യമായത് 31.1619 ഹെക്ടർ സ്ഥലവും അനുബന്ധറോഡിനു വേണ്ടിവരുന്നത് 3.6 ഹെക്ടർ സ്ഥലവുമാണ്. പ്രസ്തുത പ്രദേശം കണ്ണൂർ ജില്ലയിലെ പയ്യന്നൂർ മുനിസിപ്പലിറ്റിയിൽ പെടുന്നു.

**4.3 ആഘാതബാധിത പ്രദേശത്തിൻെറ സമീപപ്രദേശത്തെ പൊതു ഉപയോഗത്തിലുള്ള സ്ഥലം**

ആഘാതബാധിത സ്ഥലം റെയിൽവേ പാതയോട് ചേർന്ന് കിടക്കുന്നു. പദ്ധതി പ്രദേശത്ത് നിന്നും ഒരു മണ്ണ് പാതയുണ്ട്..

**4.4 പദ്ധതിക്കായി വിലകൊടുത്തുവാങ്ങിയിരിക്കുന്ന ഭൂമി**

നിർദ്ദിഷ്ട പദ്ധതിയ്ക്കുവേണ്ടി നിലവിൽ ഭൂമി വിലയ്ക്ക് വാങ്ങുകയോ, അന്യാധീനപ്പെട്ട് പോകുകയോ, പാട്ടത്തിനെടുക്കുകയോ, ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല

**4.5. ആഘാതബാധിതഭൂമിയുടെ തരവും നിലവിലെ ഉപയോഗവും**

ഏറ്റെടുക്കുന്ന സ്ഥലങ്ങളുടെ തരം എന്താണെന്ന് താഴെ കൊടുത്തിരിക്കുന്ന ചിത്രം കാണിക്കുന്നു. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ 86.1% "നിലം" എന്ന വിഭാഗത്തിൽ പെടുന്നു. 8.5% "പുരയിട"വും 5.5% "നിലം നികർത്തുപുരയിടവുമാണ്"




**ആഘാതബാധിതഭൂമിയുടെ നിലവിലെ ഉപയോഗം**




ആഘാതബാധിത ഭൂമിയുടെ നിലവിലെ ഉപയോഗമാണ് മുകളിലെ ചിത്രത്തിൽ പ്രതി പാദിച്ചിരിക്കുന്നത്. ആഘാതബാധിത കുടുംബങ്ങളിൽ 87.6% കൃഷിക്ക് വേണ്ടിയും 8% പേർ താമസത്തിനും ഉപയോഗിക്കുന്നു. 4.5% തുറസ്സായ സ്ഥലമാണ്

**4.6. ഉടമസ്ഥതയുടെ രീതി**

ആഘാതബാധിത വസ്തുക്കൾ 201 കുടുംബങ്ങളുടെ ഉടമസ്ഥതയിലുള്ളതാണ്. ഇവരിൽ 16 കുടുംബങ്ങൾ ആഘാതബാധിത പ്രദേശത്തെ താമസക്കാരാണ്.

**പട്ടിക 4.1.3. കൈവശമായതിൻെറ കാലാവധി**

| **കൈവശമായതിൻെറ കാലാവധി** | **കുടുംബങ്ങളുടെ എണ്ണം** | **ശതമാനം** |
|---|---|---|
| 3 വർഷത്തിൽ താഴെ | 3 | 1.5 |
| 3–10 വർഷം | 100 | 49.7 |
| 11–25 വർഷം | 40 | 19.9 |
| 26–40 വർഷം | 32 | 15.9 |
| 41–50 വർഷം | 16 | 7.9 |
| 51വർഷത്തിനു മുകളിൽ | 8 | 3.9 |
| വിവരം ലഭ്യമല്ലാത്തത് | 2 | 0.9 |
| ആകെ | 201 | 100 |

ആഘാതബാധിത സ്ഥലത്തിൻെറ ഉടമകളായ 201 കുടുംബങ്ങൾക്ക് പ്രസ്തുത സ്ഥലം കൈവശമായതിൻെറ കാലവർഷമാണ് മുകളിലത്തെ പട്ടികയിൽ വിശദീകരിച്ചിരിക്കുന്നത്. 3 കുടുംബങ്ങൾ 3 വർഷത്തിൽ താഴെയുള്ള കാലയളവിൽ പെടുന്നു. സ്ഥലം കൈവശ മായിട്ട് 50 വർഷത്തിനു മുകളിലായ് 8 കുടുംബങ്ങൾ ഉണ്ട്. 16 കുടുംബങ്ങൾ 41 നും 50 നും ഇടയിലും 32 കുടുംബങ്ങൾ 26 നും 40 നും ഇടയിലുള്ള വർഷക്കാലയളവിൽ പെടു ന്നു. 3 വർഷത്തിനും 10വർഷത്തിനും ഇടയിലുള്ള 100 കുടുംബങ്ങളും 11 വർഷത്തിനും 25 വർഷത്തിനും ഇടയിലുള്ള 40 കുടുംബങ്ങളും ഉണ്ട്.

### 4.7. **സമീപകാലത്തെ ഭൂമി കൈമാറ്റവും ഭൂമി വിലയും**

വിവരദാതാക്കളിൽ നിന്നു ലഭിച്ച വിവരപ്രകാരം 3 വർഷത്തിനുള്ളിൽ സ്ഥലം വങ്ങിയ 3 കുടുംബങ്ങളൊഴികെ ആഘാതബാധിത വസ്തുക്കളിൽ കഴിഞ്ഞ 3 വർഷങ്ങ ളിൽ യാതൊരുവിധ വ്യവഹാരങ്ങളും നടന്നിട്ടില്ല.

പ്രദേശത്ത് സമീപകാലത്ത് നടന്ന വ്യവഹാരങ്ങൾ പ്രകാരം ഭൂമിയുടെ വിപണി വില നിലത്തിന് സെൻറിന് 10000 രൂപയ്ക്കും 30000 രൂപയ്ക്കുമിടയിലും പുരയിടത്തിന് സെൻറിന് 1.5 ലക്ഷം രൂപയ്ക്കും 2 ലക്ഷം രൂപയ്ക്കുമിടയിലാണ് ഇടയിലാണ്.

# അദ്ധ്യായം 5

# കണക്കാക്കലും ഗണനവും

പ്രസ്തുത പദ്ധതി മൂലം പ്രത്യക്ഷമായും പരോക്ഷമായും പ്രത്യാഘാതബാധിതമാകുന്ന കുടുംബങ്ങളെക്കുറിച്ചുള്ള വിവരങ്ങളും പ്രത്യാഘാതത്തിൻെറ വ്യാപ്തിയും പ്രത്യാഘാത ദൂരീകരണത്തിനായ് അർത്ഥനാധികാരി കൈക്കൊള്ളുന്ന നടപടികളെക്കുറിച്ചുമാണ് ഈ അദ്ധ്യായത്തിൽ വിവരിക്കുന്നത്.

## 5.1 പദ്ധതിയുടെ പ്രത്യാഘാതബാധിത കുടുംബങ്ങൾ

ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിനും ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിനും വേണ്ടി ഓയിൽ ഡിപ്പോയും അനുബന്ധ റോഡും നിർമ്മിക്കുന്നതിന് ഭൂമി ഏറ്റെടുക്കുമ്പോൾ 201 കുടുംബങ്ങളാണ് പ്രത്യക്ഷ ആഘാത ബാധിതരാകുന്നത്.

**പദ്ധതിയുടെ പ്രത്യക്ഷ ആഘാതബാധിതരാകുന്ന കുടുംബങ്ങളുടെ സാമൂഹ്യ പശ്ചാത്തലം :**

**പട്ടിക 5.1.1. മതവിഭാഗമനുസരിച്ച് കുടുംബങ്ങളുടെ എണ്ണം**

| *മതം* | | |
|---|---|---|
| ഹിന്ദു | 188 | 93.5 |
| മുസ്ലീം | 11 | 5.5 |
| ക്രിസ്ത്യൻ | 2 | 1.0 |
| ആകെ | 201 | 100 |

**പട്ടിക 5.1.2. ആഘാതബാധിത കുടുംബങ്ങൾ**

| **ജാതി** | ***കുടുംബങ്ങളുടെ എണ്ണം*** | ***ശതമാനം*** |
|---|---|---|
| പട്ടിക ജാതി | 16 | 8.0 |
| പട്ടികവർഗം | 1 | 0.5 |
| മറ്റ് പിന്നോക്ക വിഭാഗം | 167 | 83.1 |
| പൊതുവിഭാഗം | 17 | 8.5 |
| ആകെ | 201 | 100 |

ആഘാതബാധിതരാകുന്ന 201 കുടുംബങ്ങളിൽ 188 കുടുംബങ്ങൾ ഹിന്ദു മതത്തിലും 11 കുടുംബങ്ങൾ മുസ്ലിം മതത്തിലും 2 കുടുംബങ്ങൾ ക്രിസ്ത്യൻ മതത്തിലും ഉള്ളവരാണെന്ന് പട്ടിക 5.1.1. വെളിവാക്കുന്നു

## വരുമാനവും ദാരിദ്ര്യരേഖയും

പദ്ധതിയുടെ ആഘാതബാധിതരാകുന്ന 888 വ്യക്തികളിൽ 289 പേർ മാത്രമാണ് വരുമാനമുള്ള വ്യക്തികൾ; ശേഷിച്ച 599 പേർ അതായത് 67.45% പേർ ആശ്രിതരാണ്.

പൊതുവിതരണസംവിധാനം തരംതിരിച്ചിരിക്കുന്നതിൻെറ അടിസ്ഥാനത്തിൽ കുടുംബങ്ങൾക്ക് ലഭിച്ചിട്ടുള്ള റേഷൻ കാർഡിൻെറ വിവരം താഴെ പട്ടിക വിവരിക്കുന്നു.

**പട്ടിക 5.1.3. റേഷൻ കാർഡിൻെറ തരം**

| ***റേഷൻ കാർഡിൻെറ നിറം*** | ***കുടുംബങ്ങളുടെ എണ്ണം*** | ***ശതമാനം*** |
|---|---|---|
| വെള്ള | 42 | 20.9 |
| നീല | 71 | 35.3 |
| പിങ്ക് | 54 | 26.9 |
| മഞ്ഞ | 5 | 2.5 |
| വിവരം ലഭ്യമല്ലത്തത് | 29 | 14.4 |
| ആകെ | 201 | 100 |

**പദ്ധതിയുടെ പരോക്ഷ പ്രത്യാഘാതം**

പദ്ധതി പ്രദേശത്തിനടുത്ത് താമസിക്കുന്ന കുടുംബങ്ങൾക്ക് പദ്ധതിയുടെ അപകട സാധ്യതകളെക്കുറിച്ച് ഉൽക്കണ്ഠയുള്ളതിനാൽ തങ്ങളുടെ ഭൂമി കൂടി പദ്ധതിയ്ക്കുവേണ്ടി ഏറ്റെടുക്കണമെന്ന് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്ന സംഘടനയ്ക്ക് അപേക്ഷ എഴുതി നൽകുകയുണ്ടായി; ആയത് പദ്ധതിയുടെ പരോക്ഷ ആഘാതമായി കാണേണ്ടതാണ്.

**5.2 വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ**

ഇല്ല

5.3. **പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ**

ഏറ്റെടുക്കുന്ന ഭൂമിയിൽ പൊതുവിഭവങ്ങൾ ഒന്നും ഇല്ല. 144 കുടുംബങ്ങൾ ആഘാത ബാധിത ഭൂമിയിൽ നിന്നുമുള്ള വരുമാനം ആശ്രയിച്ച് ജീവിക്കുന്നവരാണെന്നും ആയതിനാൽ ഉപജീവനമാർഗം നഷടപ്പെടുമെന്നും സർവ്വേയിൽ അഭിപ്രായപ്പെട്ടു.

**5.4. സാമൂഹ്യ പ്രത്യാഘാത ദൂരീകരണ ആസൂത്രണത്തെക്കുറിച്ച് അർത്ഥനാധികാരിയുടെ വിശദീകരണം**

സാമൂഹ്യ പ്രത്യാഘാത ദൂരീകരണത്തിനായ് അർത്ഥനാധികാരി കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്ന ഏതാനും നടപടികൾ താഴെ വിവരിക്കുന്നു:

a. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 അനുശാസിക്കുന്ന പുനസ്ഥാപനവും പുനരധിവാസവും
b. പദ്ധതി നിർമ്മാണ ഘട്ടത്തിൽ നശിപ്പിക്കപ്പെടുന്ന മരങ്ങൾക്ക് പകരമായ് അതിൻെറ ഇരട്ടി എണ്ണം മരങ്ങൾ പദ്ധതി പൂർത്തീകരണ വേളയിൽ നട്ട്പിടിപ്പിക്കും.
c. നിർദ്ദിഷ്ട പ്രദേശത്ത് ഒഴിഞ്ഞതും ഉപയോഗിക്കാതെയുള്ള സ്ഥലങ്ങൾ പുൽത്തകിടിയായ് വികസിപ്പിക്കും.
d. നിർദ്ദിഷ്ട പ്രദേശത്തെയും ചുറ്റുപാടിലെയും സാമൂഹ്യ സാമ്പത്തിക പ്രവർത്തനങ്ങൾ തടസപ്പെടാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.
e. പദ്ധതിയുടെ പ്രവർത്തനഘട്ടത്തിലോ, ഏതെങ്കിലും അപകടം മൂലമോ മലിനവസ്തുക്കൾ ഉണ്ടാകുകയാണെങ്കിൽ, ആയതിനെ എഫ്ലുവൻറ് ട്രീറ്റ്മെൻറ് പ്ലാൻറിൽ സ്വീകരിച്ച് എണ്ണയും വെള്ളവും വേർതിരിക്കുന്ന സംവിധാനമുപയോഗിച്ച് വേർതിരിക്കുന്നതിനാൽ മലിന വസ്തുക്കൾ പുറന്തള്ളപ്പെടുന്നില്ല എന്ന് ഉറപ്പാക്കുന്നു
f. പ്രദേശത്ത് വെള്ളക്കെട്ട് ഇല്ലാതിരിക്കുവാൻ സ്റ്റോം വാട്ടർ ഡ്രെയിൻസ് സംവിധാനം ഉണ്ടായിരിക്കും.

g. ഉൽപ്പന്ന സംഭരണികളുടെ സമീപത്തും കയറ്റിറക്ക് നടക്കുന്ന സ്ഥലങ്ങളിലും ബലവത്തായ കോൺക്രീറ്റ് പാളികൾ ഉപയോഗിച്ച് ചോർച്ചയാലോ മറ്റ് ഏതെങ്കിലും കാരണത്താലോ എണ്ണ ഭൂമിയിലിറങ്ങുന്നത് തടയും.
h. മഴവെള്ളസംഭരണി നിർമ്മിക്കുകയും അതിൽ ലഭിക്കുന്ന ജലം പുൽത്തകിടി നനയ്ക്കുവാനും അഗ്നിശമന ആവശ്യത്തിനുമായ് ഉപയോഗിക്കും.
i. ദൈനംദിന പ്രവർത്തനങ്ങൾക്ക് മറ്റൊരു ഊർജസ്രോതസായി സോളാർ പാനലുകളുണ്ടായുരിക്കും.
j. വാഹന ഗതാഗതം സുഗമമായ് നടക്കുവാനും വാഹന ഗതാഗതം മൂലമുള്ള ശബ്ദമലിനീകരണം കുറയ്ക്കുന്നതിനും മതിയായ വാഹന ഗതാഗത നിയന്ത്രണ ആസൂത്രണവും പാർക്കിങ്ങ് സംവിധാനവും ഉണ്ടായിരിക്കും.

മേൽപറഞ്ഞതുകൂടാതെ പദ്ധതിപ്രദേശത്തിൻെറ ചുറ്റുപാടുമുള്ള പരിസ്ഥിതിയ്ക്ക് യാതൊരുവിധ കോട്ടവും സംഭവിക്കാതിരിക്കുവാൻ, ഓയിൽ ഇൻഡസ്ട്രി സേഫ്റ്റി ഡയറക്ടറേറ്റ് നിർബന്ധമായും അനുശാസിക്കുന്ന ചട്ടങ്ങൾക്ക് വിധേയമായും അതിനുമപ്പുറവുമുള്ള നടപടികൾ കൈക്കൊണ്ടുകൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത് എന്നും അർത്ഥനാധികാരി വിശദീകരിക്കുന്നു.

### 5.5. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ പ്രത്യാഘാതങ്ങൾ കുറയ്ക്കുന്നതിന് പദ്ധതി രൂപരേഖയിൽ വരുത്തേണ്ട മാറ്റങ്ങൾ അല്ലെങ്കിൽ കൂട്ടിച്ചേർക്കലുകൾ

പദ്ധതി ആഘാതബാധിതരായ കുടുംബങ്ങൾ രൂപരേഖയിൽ മാറ്റം വരുത്തേണ്ടതായ് അഭിപ്രായപ്പെട്ടിട്ടില്ല. പദ്ധതി പ്രദേശത്തിൻെറ അടുത്ത് താമസിക്കുന്നവർക്ക് പദ്ധതിമൂലം ബുദ്ധിമുട്ട് ഉണ്ടായേക്കാമെന്നും ആയത് കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവേണം പദ്ധതി നടപ്പിലാക്കുവാൻ എന്ന് ആഘാതബാധിത കുടുംബങ്ങളിൽ 69% പേരും അഭിപ്രായപ്പെട്ടു. പദ്ധതി പ്രദേശത്തിനടുത്ത് താമസിക്കുന്ന കുടുംബങ്ങൾക്ക് പദ്ധതിയുടെ അപകടസാധ്യതകളെക്കുറിച്ച് ഉൽക്കണ്ഠയുള്ളതിനാൽ തങ്ങളുടെ ഭൂമി കൂടി പദ്ധതിയ്ക്കുവേണ്ടി ഏറ്റെടുക്കണമെന്ന് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്ന സംഘടനയ്ക്ക് അപേക്ഷ എഴുതി നൽകുകയുണ്ടായി. ആയതിനാൽ പദ്ധതിയെക്കുറിച്ചും പദ്ധതി നിർമ്മാണഘട്ടത്തിലും നടത്തിപ്പിലും ഉണ്ടാകുവാനിടയുള്ള അപകടസാധ്യതകൾ ഇല്ലാതെയാക്കുന്നതിന് കൈക്കൊള്ളുന്ന നടപടികളെക്കുറിച്ചും പൊതുജനങ്ങളെ ശരിയായ് അറിയിച്ചുകൊണ്ട് വേണം പദ്ധതി നടപ്പിലാക്കുവാൻ.

**5.6. സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം**

സ്ഥലം നഷ്ടമാകുന്നവർക്ക് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 അനുശാസിക്കുന്ന നഷ്ടപരിഹാരം നൽകും. പദ്ധതിയ്ക്കുവേണ്ടി നശിപ്പിക്കപ്പെടുന്ന മരങ്ങൾക്ക് പകരമായ് അതിന്റെ ഇരട്ടി മരങ്ങൾ പദ്ധതി പൂർത്തീകരിച്ചതിനുശേഷം നട്ടുപിടിപ്പിക്കും. പരിസ്ഥിതിയ്ക്ക് കോട്ടം വരാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. വാഹന ഗതാഗതം സുഗമമായ് നടക്കുവാനും വാഹന ഗതാഗതം മൂല മുള്ള ശബ്ദമലിനീകരണം കുറയ്ക്കുന്നതിനും മതിയായ വാഹന ഗതാഗത നിയന്ത്രണ ആസൂത്രണവും പാർക്കിങ്ങ് സംവിധാനവും ഉണ്ടായിരിക്കും.

# അദ്ധ്യായം 6

# സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം

## 6.1 സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൽ നിർവ്വചിക്കുന്നതിൻ പ്രകാരം, സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് ആയിരിക്കും പദ്ധതി ബാധിത കുടുംബങ്ങൾക്കുള്ള പുനരധിവാസ പുനസ്ഥാപന സ്കീം തയ്യാറാക്കുന്നതിൻെറ ഉത്തരവാദിത്തം. സർക്കാരിൻെറയും, പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള കമ്മീഷണറുടെയും മേൽനോട്ടത്തിനും മാർഗ്ഗദർശത്തിനും നിയന്ത്രണത്തിനും വിധേയമായി പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ തൻെറ കീഴിലുള്ള പദ്ധതിയ്ക്കുവേണ്ടിയുള്ള പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള സ്കീമിൻെറ രൂപീകരണത്തിനും നടത്തിപ്പിനും മേൽനോട്ടത്തിനും ഉത്തരവാദിയായിരിക്കുന്നതാണ്.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൽ നിർവ്വചിക്കുന്ന പ്രകാരമുള്ള ഉചിതമായ നഷ്ടപരിഹാരം നൽകുന്നത് വഴി ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിനും ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിനും വേണ്ടി കണ്ണൂർ ജില്ലയിലെ പയ്യന്നൂർ വില്ലേജിൽ കണ്ടങ്കാളി പ്രദേശത്ത് ഓയിൽ ഡിപ്പോയും അനുബന്ധ റോഡും നിർമ്മിക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നതിൻെറ പ്രത്യാഘാതം ലഘൂകരിക്കുവാൻ സാധിക്കുന്നതാണ്.

23/09/2015 ൽ പുറപ്പെടുവിച്ച ഉത്തരവ് G.O.(MS)No.485/2015/RD പ്രകാരം ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും വേണ്ടി കേരള സർക്കാർ രൂപീകരിച്ച നയത്തിൽ പറയുന്നപ്രകാരം ന്യായമായ നഷ്ടപരിഹാരം, പുനരധിവാസം, പുന:സ്ഥാപനം എന്നിവയ്ക്ക് വേണ്ടിയുള്ള ജില്ലാതല കമ്മിറ്റിയിൽ ചുവടെ ചേർക്കുന്ന ആളുകളെ ഉൾപ്പെടുത്തേണ്ടതാണ്.

- ജില്ലാ കളക്ടർ, പുനരധിവാസ-പുന:സ്ഥാപന അഡ്മിനിസ്ട്രേറ്റർ
- ഭൂമി ഏറ്റെടുക്കൽ ഓഫീസർ

- സാമ്പത്തിക ഉദ്യോഗസ്ഥൻ
- സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അർത്ഥനഅധികാരികളുടെ പ്രതിനിധികൾ
- തദ്ദേശ സ്വയംഭരണ വകുപ്പിൻെറ പ്രതിനിധികൾ പുനരധിവാസ നടപടി രൂപരേഖ നിരീക്ഷിക്കുന്നതായിരിക്കും. (ഈ പദ്ധതിക്ക് പുനരധിവാസം ആവശ്യമായി കാണുന്നില്ല)

# അദ്ധ്യായം 7

# സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

**7.1. പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്**

ആവശ്യമായ ബഡ്ജറ്റ് വകയിരുത്തിയിട്ടുണ്ട്

**7.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും**

ബാധകമല്ല

7.3. **സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്**

ബാധകമല്ല

# അദ്ധ്യായം 8

# സാമൂഹ്യപ്രത്യാഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും

## 8.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

ബാധകമല്ല

## 8.2. റിപ്പോർട്ടിങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

ബാധകമല്ല

## 8.3. സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

ബാധകമല്ല

# അദ്ധ്യായം 9

# നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ

**നഷ്ടങ്ങളുടെ വിശകലനം**

ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിനും ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിനും വേണ്ടി കണ്ണൂർ ജില്ലയിലെ പയ്യന്നൂർ വില്ലേജിൽ കണ്ടങ്കാളി പ്രദേശത്ത് ഓയിൽ ഡിപ്പോയും അനുബന്ധ റോഡും നിർമ്മിക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നതുമൂലം 201 കുടുംബങ്ങൾക്ക് സ്ഥലം നഷ്ടമാകും. ഏറ്റെടുക്കുന്നത് കൃഷിഭൂമി ആയതിനാൽ കൃഷിയെ ബാധിക്കും. ഭൂമി നഷ്ടപ്പെടുന്ന കുടുംബങ്ങളിൽ 87.6% പേരും പ്രസ്തുത സ്ഥലം കൃഷിയ്ക്ക് മാത്രമാണ് ഉപയോഗിക്കുന്നത്. ഇവരിൽ ചിലർ ഇടയ്ക്കിടെ നെൽകൃഷി ചെയ്യാറുണ്ട്. 144 കുടുംബങ്ങൾക്ക് ഇവിടെ നിന്നും ലഭിക്കുന്ന വരുമാനമാണ് അവരുടെ ഉപജീവനമാർഗം. പദ്ധതിപ്രദേശത്ത് താമസിക്കുന്ന 16 കുടുംബങ്ങളെ പദ്ധതി ഭാഗികമായ് ബാധിക്കും. തെങ്ങുകൾ ഉൾപ്പടെ ധാരാളം മരങ്ങൾ നശിപ്പിക്കപ്പെടും.

**നേട്ടങ്ങളുടെ വിശകലനം**

കോഴിക്കോടും കണ്ണൂരിലും പ്രവർത്തിക്കുന്ന ചെറിയ സംഭരണ ശാലകൾ ഒരു പൊതു ഉപയോഗസംവിധാനമായ് പുനസ്ഥാപിക്കുക എന്നതാണ് നിർദ്ദിഷ്ട പദ്ധതിയായ ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിനും ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിനും വേണ്ടി കണ്ണൂർ ജില്ലയിലെ പയ്യന്നൂർ വില്ലേജിൽ കണ്ടങ്കാളി പ്രദേശത്ത് ഓയിൽ ഡിപ്പോയുടെയും അനുബന്ധ റോഡിൻെറയും നിർമ്മാണം. കോഴിക്കോടും കണ്ണൂരിലും ഉള്ള സംഭരണശാലകൾക്ക് ഓയിൽ ഇൻഡസ്ട്രി സേഫ്റ്റി ഡയറക്ട്രേറ്റിൻെറ പുതുക്കിയ ചട്ടങ്ങൾക്ക് വിധേയമായ് പ്രവർത്തിക്കുന്നതിനുള്ള സൗകര്യമില്ല. നിലവിൽ കേരളത്തിൽ കൊച്ചിയിൽ മാത്രമാണ് ഓയിൽ ഇൻസ്റ്റലേഷൻ സൗകര്യമുള്ളത്. വടക്കൻ കേരളത്തിൽ വർദ്ധിച്ചുവരുന്ന പെട്രോളിയം ഉൽപ്പന്നങ്ങളുടെ ആവശ്യകത കണക്കിലെടുക്കുമ്പോൾ ഓയിൽ ഇൻസ്റ്റലേഷന് കൊച്ചി കൂടാതെ ഒരു സൗകര്യം കൂടി ഉണ്ടാകേണ്ടത് അത്യാവശ്യമാണ്.

പെട്രോളിയം ഉൽപ്പന്നങ്ങൾ പൈപ്പ് ലൈനിലൂടെയോ റെയിൽവേ ടാങ്ക് വാഗണിലോ കടത്തിക്കൊണ്ട് പോകുന്നതാണ് വലിയ അളവിൽ ട്രക്കുകളിൽ റോഡിലൂടെ കടത്തിക്കൊണ്ട് പോകുന്നതിനെക്കാൾ സുരക്ഷിതവും ചെലവ് കുറഞ്ഞതുമായ മാർഗം. പദ്ധതിയ്ക്ക് വേണ്ടി ഉദ്ദേശിക്കുന്ന സ്ഥലം റെയിൽപാതയോട് ചേർന്ന് കിടക്കുന്നതിനാൽ ഒരു സൈഡിങ്ങ് നിർമ്മിച്ച് റെയിൽവേ വാഗൺ വഴി ഉൽപ്പന്നം എത്തിക്കുവാൻ കഴിയും. ആയതിനാൽ റോഡിലൂടെ പെട്രോളിയം ഉൽപ്പന്നം കൊണ്ട് വരുന്നത് ഒഴിവാക്കി അപകടങ്ങളും ഗതാഗതകുരുക്കും ഒഴിവാക്കുവാൻ കഴിയും.

**ശുപാർശകൾ**

ആഘാതബാധിത കുടുംബങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതു മൂലമുണ്ടാകുന്ന എല്ലാ നഷ്ടങ്ങളും പരിഗണിച്ച്, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥപനത്തിനുമുള്ള അവകാശനിയമം 2013 അനുശാസിക്കുന്ന ന്യായമായ നഷ്ടപരിഹാരം നൽകി ഈ പദ്ധതി നടപ്പിലാക്കാവുന്നതാണ്. പദ്ധതിയുടെ പരിസ്ഥിതി ആഘാത വിലയിരുത്തൽ പഠനം നടത്തിയ കിറ്റ്കോ ലിമിറ്റഡ്, ആഘാതം ദൂരീകരിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള ശുപാർശകളും ഓയിൽ ഇൻഡസ്ട്രി സേഫ്റ്റി ഡയറക്ട്രേറ്റ് അനുശാസിക്കുന്ന നടപടികളും നിർബന്ധമായും പിൻതുടർന്ന് കൊണ്ട് വേണം പദ്ധതിയുടെ നിർമ്മാണവും നടത്തിപ്പും എന്നും പ്രസ്തുത നടപടികളെക്കുറിച്ചും പദ്ധതിയെക്കുറിച്ചും പൊതുജനങ്ങളെ ശരിയായ വിധത്തിൽ ബോധവൽക്കരിക്കുകയും വേണമെന്നും ശുപാർശ ചെയ്യുന്നു.